പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1330

10.08.2017-ൽ മറുപടിയ്ക്ക്

## ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജോൺ ഫെർണാണ്ടസ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 500 ലക്ഷം രൂപയുടെയും രണ്ടാം ഘട്ട പ്രവൃത്തികൾക്ക് നബാർഡ് ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി XV യിൽ 29.90 കോടി രൂപയുടെയും ഭരണാനുമതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ചിട്ടുള്ളതും പൂർത്തീകരിക്കേണ്ടതുമായ പ്രവർത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | ഒന്നും രണ്ടും ഘട്ടങ്ങളിലായി തെക്കേ പുലിമുട്ട് 570 മീറ്റർ നീളവും വടക്കേ പുലിമുട്ട് 150 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. വാർഫ്, ഓക്ഷൻ ഹാൾ, ലോക്കർ റൂം, നെറ്റ് മെന്റിംഗ് ഷെഡ്, ടോയ്‌ലറ്റ് ബ്ലോക്ക്, കാന്റീൻ, ഡോർമിറ്ററി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് തുടങ്ങിയ അനുബന്ധ ഘടകങ്ങളും, ഡ്രഡ്ജിംഗ് പ്രവൃത്തിയും പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | **04.01.2010** ലെ ഫിഷറീസ് വകുപ്പിന്റെ **13/2012** നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച **2990** ലക്ഷം രൂപ എന്തെല്ലാം പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | 04/01/2010-ലെ ജി.ഒ(ആർ.റ്റി) നം. 13/2010/മതുവ ഉത്തരവ് പ്രകാരം അനുവദിച്ച 2990 ലക്ഷം രൂപയിൽ 2001.933 ലക്ഷം രൂപ ചെലവിൽ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. RIDF XV പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിക്കുള്ള സാമ്പത്തിക സഹായം 31/3/2016 ൽ നബാർഡ് നിർത്തുകയുണ്ടായി. ചെല്ലാനം ഫിഷറി ഹാർബറിന്റെ സ്ഥലമെടുപ്പ് നടപടി വൈകുന്നതിനാലാണ് ശേഷിക്കുന്ന തുകയുടെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തു ചെയ്യാൻ സാധിക്കാതിരുന്നത്. |
| (ഡി) | **12/3/2012** ലെ ഫിഷറീസ് വകുപ്പിന്റെ **205/2012** നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച **208** ലക്ഷം രൂപ വിനിയോഗിച്ച് **1.713** ഹെക്ടർ ഭൂമി | (ഡി) | 12/03/2012-ലെ ജി.ഒ(ആർ.റ്റി) നം. 205/2012/മതുവ നമ്പർ ഉത്തരവിലൂടെ 1.713 ഹെക്ടർ ഭൂമി പൊന്നുംവില നടപടി പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും ഭൂമി |

| | | | |
|---|---|---|---|
| | ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | ഏറ്റെടുത്തിട്ടില്ല. |
| (ഇ) | **4/9/2013** ൽ റവന്യൂ വകുപ്പിന്റെ **5371/2013** നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുബന്ധഘടകങ്ങളുടെ നിർമ്മാണത്തിനായി, ഫിഷറീസ് വകുപ്പിന്റെ **11/9/2015** ലെ **750/2015** നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച **10** കോടി രൂപ അനുവദിച്ചുകിട്ടുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (ഇ) | 11/09/2015-ലെ സ.ഉ.(സാധാ) നം. 750/15/മതുവ ഉത്തരവ് പ്രകാരം 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് സ്ഥലം ഉടമകളുമായി ജില്ലാ കളക്ടറേറ്റിൽ വച്ച് നിരവധി തവണ ചർച്ചകൾ നടന്നുവെങ്കിലും വിലയെ സംബന്ധിച്ച് ധാരണയിലെത്താത്തതിനാൽ അക്വിസിഷൻ നടപടി പൂർത്തിയാക്കാൻ സാധിച്ചില്ല. |
| (എഫ്) | ഈ തുക അനുവദിച്ച് കിട്ടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കേണ്ടതെന്നും വിശദമാക്കാമോ; | (എഫ്) | ചെല്ലാനം ഫിഷറി ഹാർബർ നിർമ്മാണത്തിനാവശ്യമായ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് വഴി വാങ്ങുന്നതിനുള്ള നടപടികൾ റവന്യൂ അധികാരികളുടെ സഹകരണത്തോടെ പുരോഗമിക്കുകയാണ്. ഭൂവുടമകളുമായി ഒരു യോഗം 01/10/2016-ൽ ബഹു: എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ വിളിച്ചുവെങ്കിലും എൻ.ഒ.സി. നൽകാത്തവർ ടി യോഗത്തിൽ പങ്കെടുത്തില്ല. തുടർന്ന് ഹാർബറിന്റെ തെക്ക് ഭാഗത്ത് കൂടിയുള്ള പുതിയ റോഡിന്റെ നിർമ്മാണത്തിന് 20.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് എല്ലാ ഭൂവുടമകളുടെ പക്കൽ നിന്നും സമ്മതപത്രം വാങ്ങുന്നതിനുള്ള നടപടി പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ഫിഷറീസ് വകുപ്പിന്റെ ഉപധനാഭ്യർത്ഥനയിൽ ടി ഫിഷിംഗ് ഹാർബറിന്റെ ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെ 10 കോടി രൂപ ആവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (ജി) | മേൽ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ? | (ജി) | പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

*Abstract*

Fisheries and Ports Department - Construction of Fishing Harbour at Chellanam - Second stage development - NABARD assistance under RIDF XV - Administrative sanction accorded - Orders issued.

FISHERIES & PORTS (B) DEPARTMENT

G.O (Rt) No. 13/2010/F&PD Thiruvananthapuram, Dated, 4.1.2010

Read: 1. G.O(Rt) No. 317/09/F&PD dated 5-6-09
2. Letter No. NB SPD/RIDF-1/RIDFXV-Kerala/105 PSC/2009-10 dated 27-10-09 from the Deputy General Manager, NABARD, Thiruvananthapuram.

## ORDER

As per the G.O read above, Administrative Sanction 'in principle"has been accorded for the second stage development of Chellanam Fishing Harbour at an estimated amount of Rs. 2990 lakh for posing for NABARD assistance under RIDF XV. NABARD vide letter read above has communicated sanctioning loan for this Fishing Harbour project with total estimate of Rs.2990 lakh with loan component of Rs.2769.07 lakh from NABARD and State Government share as Rs.220.93 lakh with date of completion of the project as 31st March 2012 subject to acceptance of -

a) Terms and conditions and phasing contained in the sanction letter and its schedule I.

b) General terms and conditions and other conditions relating to the concerned sector/activity as in NABARD's letter No. NB/SPD/1484-1512/B-123 (RIDF-Gen)/06-07 dated 6-9-06.

2. In the above circumstances, Government are pleased to accord administrative sanction for the second stage development of Fishing Harbour at Chellanam at an estimated amount of Rs.2990 lakh (Rs.2769.07 lakh as loan from NABARD and Rs.220.93 lakh as State Share) subject to the conditions stipulated by NABARD with item wise details of project cost as follows.

Item wise details of cost Estimate

| Sl. No. | Description | Cost (Rs.in lakh) |
|---|---|---|
| 1 | Southern breakwater | 135.00 |
| 2 | Northern breakwater | 1900.00 |
| 3 | Quay wall | 185.00 |
| 4 | Auction hall | 215.00 |
| 5 | Administrative Block | 14.00 |
| 6 | Locker Rooms | 13.00 |
| 7 | Toilet Block | 4.25 |
| 8 | Gate and Gate House | 2.10 |
| 9 | Canteen and Dormitory | 48.00 |
| 10 | Approach Road, Internal road,Drain, loading area and parking | 122.00 |
| 11 | Net mending shed | 22.00 |
| 12 | Water supply | 25.00 |
| 13 | Dredging and bund | 130.00 |
| 14 | Gear shed | 17.00 |

| | | |
|---|---|---|
| 15 | Compound wall | 4.30 |
| 16 | Electrification and lighting | 15.00 |
| 17 | Model study, EIA | 18.00 |
| 18 | Tools, plants and vehicle | 30.00 |
| 19 | Green belt | 10.00 |
| | Sub total | **2909.65** |
| | Work charged establishments | 58.19 |
| | Contingencies | 22.04 |
| | Grand Total | **2989.88** |
| | Rounded to | 2990.00 |

3. The Chief Engineer, Harbour Engineering Department will pursue further action in this matter.

By order of the Governor,
K. Radhakrishnan,
Additional Secretary to Govt.

To

The General Manger, NABARD, Punnen Road, Statue
Thiruvananthapuram-39
The Chief Engineer, Harbour Engineering Department, Thiruvananthapuram.
The Director of Fisheries, Thiruvananthapuram
The Principal Accountant General (Audit) Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram
The Finance (NC) Department(vide ref. No. 43524/NC-1/09/Fin dated 15-7-09)
The Stock File/OC.

Forwarded/By order

Section Officer.

GOVERNMENT OF KERALA

Abstract

Fisheries & Ports Department – Chellanum Fishing Harbour – Land Acquisition on fast track basis under state share – Sanctioned – Orders issued.

FISHERIES & PORTS (B) DEPARTMENT

G.O.(Rt)No. 205/2012/F&PD Dated, Thiruvananthapuram 12.03.2012.

Read:- 1) Letter No. 7775/NB/2009/CE dated 20.05.2010 from the Chief Engineer, Harbour Engineering Department, Thiruvananthapuram.
2) Letter No. 7775/D11/2009/CE dated 16.12.11 of the Chief Engineer, Harbour Engineering Department, Thiruvananthapuram.
3) Government Letter No. 10499/B2/09/F&PD dated 27.12.2011.
4) Letter No. 7775/D11/09/CE dated 11.01.12 from the Chief Engineer, Harbour Engineering Department, Thiruvananthapuram.

ORDER

The Chief Engineer, Harbour Engineering Department as per letter dated 16.12.2011 read as second paper above submitted a proposal for acquisition of 1.713 hectares of land on fast track basis for the development of Fishing Harbour at Chellanum under NABARD-RIDF- scheme. The Chief Engineer requested sanction with funds for acquiring land on fast track basis.

2) As per letter read as third paper above, the Chief Engineer, Harbour Engineering Department was requested to examine the scope of taking up the development project under 50% CSS and further requested to furnish proposal for land acquisition by meeting the entire expenditure for land acquisition of Chellanum Fishing Harbour from the State Plan following "New Service Procedure".

3) The Chief Engineer as per letter read fourth above, has submitted a proposal for acquisition of land required for arranging the remaining components of the Fishing Harbour including approach road. The Chief Engineer has reported that an amount of Rs. 208 lakhs is required for acquisition of 1.713 hectares of land for construction work and for rehabilitation of 13 families. He has requested to issue sanction with funds for acquisition of land at the earliest, on fast tract basis, by meeting expenditure under the state share.

4) Government have examined the matter in detail and are pleased to accord sanction for acquisition of 1.713 hectares of land on fast track basis for development of Chellanum Fishing Harbour under the state share, following "New Service Procedure."

By Order of the Governor
K.RADHAKRISHNAN
Additional Secretary to Government

To

The Chief Engineer, Harbour Engineering Department, Thiruvananthapuram.
The Director of Fisheries, Thiruvananthapuram.
The Principal Accountant General ( Audit), Kerala, Thiruvananthapuram.
The Accountant General ( A&E), Kerala, Thiruvananthapuram.
The Finance Department (vide UO No. 84229/NC4/2011/Fin. dated 29/10/2011.
SF/OC.

Forwarded/By Order

Section Officer

**GOVERNMENT OF KERALA**

**Abstract**

Revenue Department - Land Acquisition for the construction of Fishing Harbour at Chellanam in Ernakulam District - Sanction accorded - Orders issued.

---

**Revenue (B) Department**

G.O.(Rt) No. 5371/13/RD                Dated, Thiruvananthapuram, 04/09/2013

---

Read :- 1. G.O.(Ms) 419/11/RD dated 15-11-2011.
2. G.O. (Ms) 182/12/RD dated 03-05-2012.
3. Letter No.C7-43493/12 dated 24/06/2013 from the District Collector, Ernakulam.
4. Minutes of the High Level Committee meeting held on 05/09/2013.

**ORDER**

Government vide G.O's read above has ordered the constitution of a High Level Committee to examine the necessity and extent of land required for various projects/purposes and for rehabilitation and resettlement of the affected persons.

The High Level Committee held on 05-09-2013 has approved the proposal for acquisition of land for the construction of Fishing Harbour at Chellanam in Ernakulam District. Government have examined the matter and are pleased to accord sanction for acquisition of an extent of 130.23 Ares of land as detailed below:

| Village | ReSurvey No. | Extent in Ares |
|---|---|---|
| Chellanam | 443, 446, 447, 448 and 449 | 130.23 |
| | Total | 130.23 |

The District Collector, Ernakulam is requested to take necessary action to acquire the land as per rules. He is also requested to constitute the District Level Purchase Committee to conduct negotiations with the land owners and to furnish proposals to be placed before the State Level Empowered Committee for approval as envisaged in the G.O's read above along with proposal for implementation of Rehabilitation and Resettlement Package, if necessary.

(By Order of the Governor)
G.Kamalavardhana Rao,
Secretary to Government.

To
The District Collector, Ernakulam.
The Fisheries and Port Department.
~~The Commissioner, Land Revenue, Thiruvananthapuram.~~
Stock File/Office copy.

Forwarded/By Order,

Section Officer.

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - NABARD – RIDF – XV- ചെല്ലാനം മത്സ്യബന്ധന തുറമുഖ നിർമ്മാണം രണ്ടാംഘട്ട വികസനം –10. കോടി ചെലവിൽ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9334

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ(സാ) നം. 750/15/മതുവ. തിരുവനന്തപുരം, തീയതി, 11-09-2015.**

പരാമർശം : 1) സ.ഉ(സാ) നം. 13/2010/മതുവ തീയതി. 04.01.2010.

2) സ.ഉ(സാ) നം. 205/2012/മതുവ തീയതി, 12.03.2012.

3) സ.ഉ(സാ) നം. 5371/2013/റവ തീയതി. 04.09.2013.

4) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനിയറുടെ 24.04.2015-ലെ ഡി5/7775/09/സി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം NABARD – RIDF – XV – ൽ ഉൾപ്പെടുത്തി ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കായി 2990 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. പരാമർശം 2-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി 208 ലക്ഷം രൂപ ചെലവിൽ 1.713 ഹെക്ടർ ഭൂമി ഫാസ്റ്റ്ട്രാക്ക് അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു.

2) പിന്നീട് പരാമർശം 3-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയിലെ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണത്തിനായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിരുന്നു. ഇതുപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 10 കോടി രൂപ വേണ്ടി വരുമെന്ന് സൂചന 4- പ്രകാരം ചീഫ് എഞ്ചിനിയർ ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചെല്ലാനം മത്സ്യബന്ധന തുറമുഖ നിർമ്മാണം രണ്ടാം ഘട്ടവികസന പദ്ധതിയിലെ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണത്തിനായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 130.23 ആർ സ്ഥലം 10 കോടി രൂപ ചെലവിൽ '4405-00-104-55 മത്സ്യബന്ധന തുറമുഖങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.ഷാഹുൽ ഹമീദ്

ജോയിന്റ് സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( Vide U.O.(N) No.Dev-3/290/2015-Fin. (Computer No.105009).

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ